**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 57** **30-01-2024 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക അവകാശങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വിവിധ മേഖലകളിൽ സംസ്ഥാനം നേട്ടങ്ങൾ കൈവരിച്ചിട്ടും പ്രസ്തുത മേഖലകളിലെ വികസനത്തിനായി സംസ്ഥാനത്തിന് ലഭിക്കേണ്ട ഭരണഘടനാപരമായ സാമ്പത്തിക അവകാശങ്ങൾ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ നിയന്ത്രണങ്ങൾക്ക് അതീതമായ ചില ഘടകങ്ങൾ സംസ്ഥാനം ഇപ്പോൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടിന് കാരണമായിട്ടുണ്ട്. ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ അവസാനിപ്പിച്ചതും, ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന നികുതി വിഹിതം മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷനിൽ കുറഞ്ഞതും, റവന്യൂ കമ്മി ഗ്രാന്റ് ഒരോ സാമ്പത്തിക വർഷവും കുറഞ്ഞു വരുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതു കണക്കിനത്തിലെ നീക്കിയിരിപ്പും സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. |
| (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള പണത്തിന്റെ ലഭ്യതയിലും ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും സംസ്ഥാനം വെല്ലുവിളികൾ നേരിടുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന Branding മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ല എന്ന കാരണമുയർത്തി ചില പദ്ധതികളുടെ കേന്ദ്രവിഹിതം കേന്ദ്രസർക്കാർ ഇപ്പോൾ അനുവദിക്കാത്തതും ഇതേ വിഷയമുയർത്തി മൂലധനചെലവുകൾക്കുള്ള പ്രത്യേക സഹായപദ്ധതിക്ക് കേന്ദ്രം തുക അനുവദിക്കാത്തതും സംസ്ഥാനത്ത് നടപ്പിലാക്കേണ്ട വികസന പദ്ധതികളെയാണ് താളം തെറ്റിക്കുന്നത്. കേന്ദ്രസർക്കാർ Branding മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്ന പദ്ധതികളിൽ ചില പദ്ധതികളിൽ സിംഹഭാഗവും, മറ്റു ചില പദ്ധതികളിൽ 40 |

| | | | |
|---|---|---|---|
| | | | ശതമാനത്തോളവും തുക സംസ്ഥാന വിഹിതമായിട്ടാണ് ചെലവഴിക്കുന്നത്. കേന്ദ്രവിഹിതം ലഭ്യമാകാതിരുന്നിട്ടുപോലും NHM-പോലുള്ള പദ്ധതികളുടെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാന വിഹിതവും അധിക വിഹിതവും പ്രസ്തുത പദ്ധികൾക്ക് മുൻകൂറായി സംസ്ഥാനം നൽകി വരുന്നുണ്ട്. |
| (സി) | സാമ്പത്തിക അവകാശങ്ങളുടെ സംരക്ഷണത്തിനും ആയവ നേടിയെടുക്കുന്നതിനുമായി സംസ്ഥാനം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ; ആയത് നേടിയെടുക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റംഗങ്ങൾ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചു വരികയാണ്. സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കി എം.പി മാരുടെ യോഗങ്ങളിൽ ചർച്ച ചെയ്ത് പാർലമെന്റിൽ ഉന്നയിക്കുന്നതിനായി പൊതുഭരണ (ഏകോപന) വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതോടൊപ്പം സംസ്ഥാനത്തിന് ലഭ്യമാകേണ്ട കേന്ദ്ര ആനുകൂല്യം ലഭ്യമാക്കുന്നതിന് വേണ്ടി വിവിധ കേന്ദ്രമന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കത്തിടപാടുകളും നടത്താറുമുണ്ട്. |

സെക്ഷൻ ഓഫീസർ